നമ്പർ 357/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരന്മാരും, ഭരണസമിതയംഗങ്ങളും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,

പ. സഭയിൽ ദീർഘനാളായി നിർഭാഗ്യവശാൽ നടന്നുവരുന്ന വ്യവഹാരങ്ങളും, തർക്കങ്ങളും തുടർന്ന് ബഹു. സുപ്രീം കോടതിയിൽ നിന്നുണ്ടായ വിധി തീർപ്പും ഏവർക്കും അറിവുള്ള സംഗതിയാണല്ലോ. 1974 – ൽ തുടങ്ങിയ വ്യവഹാരം 1995 – ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം അവസാനിച്ചു എങ്കിലും നമ്മുടെ പള്ളികളും സ്ഥാപനങ്ങളും വിഘടിത വിഭാഗക്കാർ അക്രമമാർഗ്ഗത്തിലൂടെ കൈവശപ്പെടുത്തുവാൻ ശ്രമിക്കുകയാണ്. ആലുവാ തൃക്കുന്നത്ത് സെമിനാരി ഉടനെ കൈയ്യേറുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കുറ്റവാസനയും ക്രിമിനൽ സ്വഭാവവുമുള്ള ചെറുപ്പക്കാരുടെ സംഘടന രൂപീകരിച്ച് കൈയ്യേറ്റം നടത്തുകയും, രാഷ്ട്രീയ സ്വാധീനവും, സർക്കാർ ഒത്താശയും ഉപയോഗപ്പെടുത്തി കോടതി വിധികളെ അട്ടിമറിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. വൈദികരെയും വിശ്വാസികളെയും മർദ്ദിച്ച് നമ്മുടെ ഇടവകകളിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. ഇതിനെതിരെ പ്രതിഷേധിക്കുവാൻ 2008 നവംബർ 16 –ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് കോട്ടയത്ത് ഒരു മഹാ സമ്മേളനം നടത്തുവാൻ സഭാ മാനേജിംഗ് കമ്മറ്റി തീരുമാനിച്ചിരിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും നിർബന്ധമായും അന്നേദിവസം പള്ളിചെലവിൽ യാത്രാ വാഹനങ്ങൾ ഏർപ്പെടുത്തി വികാരി, ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ പരമാവധി വിശ്വാസികൾ സമ്മേളനത്തിൽ പങ്കെടുക്കണം. പ. സഭ രാഷ്ട്രീയ, ഭരണ തലങ്ങളിൽ നേരിടുന്ന ആക്ഷേപവും, നിന്ദയും നാം ഗൗരവമായി കണക്കിലെടുക്കണം. വിശ്വാസികളുടെ പിൻബലമില്ലാത്ത ഒരു സമൂഹമായി മലങ്കര ഓർത്തഡോക്സ് സഭയെ തുച്ഛീകരിക്കുവാൻ ആരേയും അനുവദിക്കരുത്. ഭാരതത്തിലെ ക്രൈസ്തവ സഭകളിൽ നൂറുശതമാനവും തദ്ദേശീയം എന്ന് അവകാശപ്പെടാവുന്ന ഈ സഭയെ – വൈദേശികാധിപത്യത്തിനെതിരെ പോരാടുന്ന മലങ്കര ഓർത്തഡോക്സ് സഭയെ – നിരന്തരം അവഗണിക്കുന്ന ഈ പ്രവണത അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവമല്ലാത്ത മാർഗ്ഗങ്ങളിലൂടെ, അക്രമത്തിന്റെ ശൈലി സ്വീകരിച്ച് പ. സഭയുടെ ദേവാലയങ്ങൾ പിടിച്ചെടുക്കുവാൻ ശ്രമിക്കുകയും വൈദികരെയും, വിശ്വാസികളെയും കൈയ്യേറ്റം ചെയ്യുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. സഭയുടെ ഇപ്രകാരമുള്ള പ്രതിസന്ധികളിൽ തികഞ്ഞ അച്ചടക്കത്തോടെ നിങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുകയും, കക്ഷി രാഷ്ട്രീയത്തിനതീതമായി ഇതിൽ വന്ന് സംബന്ധിച്ച് സമ്മേളനം വിജയിപ്പിക്കുകയും ചെയ്യണമെന്ന് നാം സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. സഭാ കേന്ദ്രത്തിൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്ന നിർദ്ദേശങ്ങൾ ശിരസ്സാ വഹിച്ച് അച്ചടക്കത്തോടെ എല്ലാ കാര്യങ്ങളിലും സഹകരിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ഒക്ടോബർ 29 –ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.